# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4772** **26.06.2019 ലെ മറുപടിക്ക്**

## തിരുവനന്തപുരം നഗരസഭ ഉള്ളൂർ സോണലിലെ ജമമാറ്റവും സബ് നമ്പർ നൽകലും

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.മോൻസ് ജോസഫ് | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) 2018 നവംബർ മുതൽ 2019 മെയ് 31 വരെയുള്ള കാലയളവിൽ തിരുവനന്തപുരം നഗരസഭയുടെ ഉള്ളൂർ സോണൽ ഓഫീസിൽ ലഭിച്ച ജമമാറ്റവും സബ് നമ്പർ നൽകലും സംബന്ധിച്ച അപേക്ഷകളിൽ എത്രയെണ്ണം തീർപ്പാക്കിയെന്നും ഇനി ഇത്തരത്തിലുള്ള എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്നും വ്യക്തമാക്കാമോ; | (എ) 2018 നവംബർ മുതൽ 2019 മേയ് 31 വരെ 288 ജമമാറ്റവും 14 സബ് നമ്പർ നൽകുന്നതിനുമുള്ള അപേക്ഷകളും ലഭിച്ചതിൽ 30 അപേക്ഷകൾ ഇനി തീർപ്പാക്കാനുണ്ട്. |
| (ബി) തീർപ്പാക്കാത്ത അപേക്ഷകൾ നടപടിയൊന്നും സ്വീകരിക്കാതെ റവന്യൂ ഇൻസ്പെക്ടറുടെ കൈവശം ഉണ്ടായിരുന്ന കാലയളവ് വ്യക്തമാക്കാമോ; | (ബി) തീർപ്പാക്കാത്ത അപേക്ഷകൾ റവന്യൂ ഇൻസ്പെക്ടറുടെ കൈവശം ഒന്നുമില്ല. |
| (സി) ഉള്ളൂർ സോണൽ ഓഫീസിൽ റസിഡൻഷ്യൽ കെട്ടിടം കൊമേഴ്സ്യൽ കെട്ടിടമാക്കി മാറ്റുന്നതിനായി പ്രസ്തുത കാലയളവിൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അതിൽ ഏതെല്ലാം അപേക്ഷകൾ തീർപ്പാക്കിയെന്നും വിശദമാക്കാമോ;<br>(ഡി) ഈ അപേക്ഷകളുമായി ബന്ധപ്പെട്ട ഫയലുകളിൽ റവന്യൂ ഇൻസ്പെക്ടർ എത്രയെണ്ണത്തിൽ അനുകൂല റിപ്പോർട്ട് സമർപ്പിച്ചുവെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ; | (സി) & (ഡി) പ്രസ്തുത കാലയളവിൽ ഒരെണ്ണം ലഭിക്കുകയും ആയത് ഒക്കുപ്പൻസി ചെയ്ഞ്ച് ചെയ്യുന്നതിനായി എഞ്ചിനീയറിംഗ് വിഭാഗത്തിന് നൽകിയിട്ടുമുണ്ട്. എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്ന് ഒക്കുപ്പൻസി ചെയ്ഞ്ച് ചെയ്താൽ മാത്രമേ റസിഡൻഷ്യലിൽ നിന്ന് കൊമേഴ്സ്യൽ ആക്കി മാറ്റാൻ സാധിക്കുകയുള്ളൂ. |
| (ഇ) മുനിസിപ്പാലിറ്റി നിയമമനുസരിച്ച് റസിഡൻഷ്യൽ കെട്ടിടം കൊമേഴ്സ്യൽ കെട്ടിടമാക്കി മാറ്റുന്നതിനും ആയതിന് സബ് നമ്പർ നൽകുന്നതിനുമുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ? | (ഇ) മുനിസിപ്പാലിറ്റി നിയമമനുസരിച്ച് റസിഡൻഷ്യൽ കെട്ടിടം കൊമേഴ്സ്യൽ ആയി മാറ്റുന്നതിന് കൊമേഴ്സ്യൽ രീതിയിലുള്ള പ്ലാൻ വരച്ച് അപേക്ഷ സമർപ്പിച്ച എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും ഒക്കുപ്പൻസി ലഭിക്കുന്ന മുറയ്ക്ക് കൊമേഴ്സ്യൽ റ്റി.സി. നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ